"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൊവിഡ് -19 മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപന കാലയളവിൽ രോഗികളെ വിവിധ ആശുപത്രികളിലെത്തിക്കുന്നതിനും, മറ്റ് ആവശ്യങ്ങൾക്കുമായി ആംബുലൻസ് ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് വാടക ഇനത്തിൽ 1,24,811/- രൂപ വിനിയോഗിക്കുന്നതിനു കിളിമാനൂർ ഗ്രാമപഞ്ചായത്തിനു അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.967/2024/LSGD തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-

1. കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.08.2021 -ലെ തീരുമാനം നമ്പർ 2/1
2. കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.03.2023- ലെ തീരുമാനം നമ്പർ 9/1
3. കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.03.2023-ലെ C/884/2022 നമ്പർ കത്ത്
4. 06.03.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.5

**ഉത്തരവ്**

കൊവിഡ് -19 മഹാമാരിയുടെ രൂക്ഷമായ രണ്ടാം ഘട്ട വ്യാപന കാലയളവിൽ രോഗികളെ വിവിധ ആശുപത്രികളിലെത്തിക്കുന്നതിനും, മറ്റ് ആവശ്യങ്ങൾക്കുമായി യൂത്ത് കെയർ ആംബുലൻസ് സർവ്വീസിന്റെ KL 11 BF 550 എന്ന ആംബുലൻസ് ഇന്ധനചാർജ്ജ് മാത്രം ഈടാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്തിന് വിട്ടു നൽകുകയുണ്ടായി. എന്നാൽ കൊവിഡ് രോഗികളുടെ എണ്ണം അധികരിച്ച സാഹചര്യത്തിൽ ഒരു ആംബുലൻസിന്റെ സേവനം കൊണ്ട് മാത്രം അടിയന്തിര സാഹചര്യം നേരിടുന്നതിന് പര്യാപ്തമല്ലാത്തതിനാൽ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1) തീരുമാനപ്രകാരം യൂത്ത് കെയർ ആംബുലൻസ് സർവ്വീസിന്റെ KL 66 3279 M എന്ന വാഹനം 10 കിലോമീറ്ററിന് 500/- രൂപ നിരക്കിലും, അധികരിച്ച് വരുന്ന ഓരോ കിലോമീറ്ററിനും 15/- രൂപ നിരക്കിലും ക്വട്ടേഷൻ വിളിച്ച് വാടകയ്ക്ക് എടുക്കുകയുണ്ടായി.

2. ആദ്യം എടുത്ത വാഹനത്തിന്റെ അറ്റകുറ്റപ്പണിയും ഡ്രൈവറുടെ വേതനവും കണക്കിലെടുത്ത് ഈ വാഹനത്തിനും വാടക നൽകണമെന്ന് ഏജൻസി ഉടമ ആവശ്യപ്പെട്ടതനുസരിച്ച് രണ്ട് ആംബുലൻസിന്റെയും കൂടി വാടക 1,24,8811/-രൂപ ആയി പരിമിതപ്പെടുത്തി നൽകാൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തെങ്കിലും വാടക നൽകിയിരുന്നില്ല. വാഹനത്തിന്റെ ട്രിപ് ഷീറ്റ് ഉൾപ്പെടെ നൽകിയ സാഹചര്യത്തിൽ വാടകയിനത്തിലുള്ള 1,24,811/- രൂപ നൽകുന്നതിന് അനുമതി ആവശ്യപ്പെട്ട് കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തി കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. കൊവിഡ് മഹാമാരി സമയത്താണ് ആംബുലൻസ് വാടകയെടുത്തത് എന്നത് പരിഗണിച്ച് ഈ തുക അനുവദിക്കുന്നതിന് അനുമതി നൽകി

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊവിഡ് -19 മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപന കാലയളവിൽ രോഗികളെ വിവിധ ആശുപത്രികളിലെത്തിക്കുന്നതിനും, മറ്റ് ആവശ്യങ്ങൾക്കുമായി ആംബുലൻസ് ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് വാടക ഇനത്തിൽ 1,24,811/- രൂപ വിനിയോഗിക്കുന്നതിനു കിളിമാനൂർ ഗ്രാമപഞ്ചായത്തിനു അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
JOINT SECRETARY

പ്രസിഡന്റ് / സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Resmi R S
Date: 04-06-2024 11:22:44
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്